

# George Panjara ജോർജ്ജ് പാഞ്ഞാറ

(1938-2017)

An Eminent Poet-Composer of Christian Karnatic Classical music

## എന്റെ സംഗീതാന്വേഷണ അനുഭവങ്ങൾ

സംഗീത അക്കാദമിയിൽ തീരെ അവഗണനീയനായ ഒരു വിദ്യാർത്ഥിയായിരുന്നു ഞാൻ. കാരണങ്ങൾ പലത്: പ്രാഗൽഭ്യം പ്രകടിപ്പിക്കാൻ അതിരുകടന്ന വ്യഗ്രത എന്റെ സ്വഭാവത്തിലേയില്ല. പാരമ്പര്യമായി സംഗീത പ്രവർത്തകരുടെ കുടുംബത്തിൽ നിന്നല്ല.ഏറ്റവും പ്രധാനമായ കാര്യം, ഞാൻ ഹിന്ദുവല്ല എന്നത് തന്നെ!.

ക്രിസ്ത്യാനിയോ?എങ്കിൽ അവന് സംഗീതം വരില്ല. അതായിരുന്നു എന്റെ സതീർഥ്യരുടെയും, അധ്യാപകരുടെയും ധാരണ!. കേൾക്കുമ്പോൾ അതിരുകടന്ന, അനുചിതമായ ഒരു മുൻവിധിപോലെ തോന്നാം. പക്ഷെ മുഴുവൻ ശെരിയല്ലെങ്കിലും അമ്പതുശതമാനത്തിലധികം പരമാർത്ഥമുണ്ടതിൽ എന്ന് സമ്മതിച്ചേ തീരു.

ജന്മസിദ്ധമായ അഭിരുചിയുടെ അദമ്യമായ പ്രചോദനമാണ് സംഗീതശാസ്ത്രാന്വേഷണത്തിനെന്റെ പിൻബലം. വരുംവരായ്കകൾ ഒന്നും പരിഗണിക്കാൻ എനിക്കാകുമായിരുന്നില്ല. അല്ലെങ്കിൽ ബോധപൂർവം ഞാനതവഗണിച്ചു. ആലോചന പലപ്പോഴും സാഹസികപ്രയാണങ്ങൾക്ക് വിലങ്ങാകാറാണ് പതിവെന്നറിയാമായിരുന്നു.

സംഗീതസ്നേഹരഹിതമായ കുടുംബപശ്ചാത്തലം തന്നെ ഒരു സംഗീത വിദ്യാർത്ഥിയെ സംബന്ധിച്ചിടത്തോളം നിരാശാജനകമാണ്. സാമ്പത്തിക ഞെരുക്കം കൂടിയായാലോ? പറയാനില്ല.

"പാട്ടുപാടിക്ക്യയോ കൂത്തുപടിക്ക്യയോ എന്താന്നുവച്ചാൽ കാണീര്.. എന്റെ കയ്യീന്ന് പത്തുപൈസ കിട്ടൂന്ന് കരുതി ഇതിനൊന്നും പോകണ്ട, ഞാൻ പറഞ്ഞേക്കാം"..ഇതായിരുന്നു എന്റെ സംഗീതാന്വേഷണ വിവരമറിഞ്ഞപ്പോൾ അപ്പന്റെ വിധിന്യായം.

ഒന്നും പറഞ്ഞിട്ടുകാര്യമില്ല.കുടുംബസാഹചര്യം ശരിക്കറിയാവുന്ന ഞാൻ നിശ്ശബ്ദനാകാതെ നിവർത്തിയില്ലായിരുന്നു. ആര് സന്താനങ്ങളുടെ വയ്ർപുലർത്താൻ പോലും കഠിനമായ അധ്വാനം ഫലിക്കാതാവുന്നതുകണ്ട് മനസ്സുപതറുന്ന അപ്പന് പ്രായപൂർത്തിയിലേക്കടുക്കുന്ന എന്നെപ്പോലൊരുമാകാം അല്പസ്വല്പം കൃഷിസ്ഥലത്തു പണിയെടുക്കുന്നതിൽ സഹായിക്കാതെ കൂത്തുപടിക്കാൻ പോകുന്നതറിഞ്ഞാൽ ഇത്രയെങ്കിലും പ്രതികരിക്കാതെ നിവർത്തിയില്ല. പക്ഷെ..

CHRISTIAN MUSICOLOGICAL SOCIETY OF INDIA

അതൊന്നും എന്റെ സാഹസികബുദ്ധിയെ തളർത്തിയില്ല. തളർത്താൻ പാടില്ല. കയറണം ഞാൻ കലാകാരനാകാൻ വിധിക്കപ്പെട്ടവർ തന്നെ. അതായിരുന്നു വിശ്വാസപ്രമാണം. അല്പസ്വല്പകലാസ്നേഹവും അതിലേറെ ഹൃദയാലുത്വവുമുള്ള മാതുലന്റെ അനുഗ്രഹാശിസ്സുകളായിരുന്നു ഏക ആശ്വാസം.

"അച്ചായൻ പറയുന്നതിനും നീ കണക്കാക്കേണ്ട. പേടിക്കണം എന്നുവച്ചാൽ അത് ചെയ്യണം. നാലുകൊല്ലം തുഴഞ്ഞാൽ ഒരു ജോലികിട്ടും എന്നുവച്ചാലതൊരു വല്യകാര്യമല്ലേ?", അമ്മാവന്റെ സാരോപദേശം.

പിന്നെ ഒന്നുമാലോചിച്ചില്ല. അപേക്ഷ അയച്ചു. ഇന്റർവ്യൂന് അക്കാദമിയിലെ പ്രധാനാധ്യാപകന് ഗുരു തന്ന ശുപാർശക്കത്തുമായി രാവിലെ അദ്ദേഹത്തിന്റെ വാസസ്ഥലത്തെത്തുമ്പോൾ വിദ്യാർത്ഥികളുടെയും മാതാപിതാക്കളുടെയും തിരക്ക്. അതിനിടയിൽ ആരുമോരുകൂട്ടിനുപോലുമില്ലാതെ ഞാനൊരു

ക്രിസ്ത്യാനി!. സംഗീതപഠനകൗതുകവുമായി ഒരു പുറംജാതിക്കാരൻ!

എന്റെ നിൽപ്പും ഭാവവും കണ്ട പലർക്കും മുഖത്തു പരിഹാസം. പുച്ഛം!. അതിലേറെ അവജ്ഞയോടെ നിറംകലർന്ന നോട്ടങ്ങൾ!

ഒടുവിൽ പത്തുമണിയോടെ സന്ദശകരെല്ലാം പിരിഞ്ഞപ്പോൾ ഞാൻ ഏകനായി നിൽപ്പ്. പുറത്തേയ്ക്കു വന്ന പാവാടക്കാരി പെൺകുട്ടിയുടെ കണ്ണിൽ പെട്ടപ്പോൾ അവൾ നിസ്സംഗ ഭാവത്തോടെ മുഖ ചലനം "ഉം എന്താ" എന്ന മട്ടിൽ ഞാൻ വളരെ മൃദുവായ ശബ്ദത്തിൽ മൊഴിഞ്ഞു.

"തിരുമേനിക്കൊരു കത്തുണ്ടായിരുന്നു"

അവൾ അടുത്തേയ്ക്കു വന്നു. ഞാൻ മുറ്റത്തു നിന്ന് നടക്കലോളം നീങ്ങി. അവൾ നീട്ടിയ കൈയ്യിൽ കത്ത് കൊടുത്തു. കവർ തിരിച്ചും മറിച്ചും നോക്കിയിട്ടു

"അച്ഛാ ദേ! ഒരു കത്തുമായി ഒരാൾ ..."

അവൾ അകത്തേയ്ക്കു പോയി. അല്പം കഴിഞ്ഞാണ് പുഞ്ചിരി വിടർന്ന മുഖവുമായി തിരുമേനി എന്ന് ഗുരു പറഞ്ഞു തന്ന വിഷ്ണു നമ്പൂതിരി സാർ പുറത്തേയ്ക്കു വന്നത്. ആ മന്ദസ്മിതം വിടരുന്ന മുഖം എന്നെ ആകർഷിക്കുകയായിരുന്നോ അടിമയാക്കുകയായിരുന്നോ എന്ന് ഒന്നും പറയാനാകുന്നില്ല. താന് തൊഴുത എന്നോടദ്ദേഹം

"ബാലന്റെ ശിഷ്യനാണല്ലേ? കേറി വരൂ എന്താ മുറ്റത്തു നിന്നു കളഞ്ഞത്"

ഞാൻ വെറുതെ ചിരിച്ചു സാവധാനം നടകല്ല് കയറി ഇറയത്തു നിന്നു.

"ഇരിക്കൂ"

അടുത്ത് കണ്ട കസേര ചൂണ്ടി അദ്ദേഹം പറഞ്ഞു.

"ഞാൻ ഇവിടെ നിന്നോളാം"

എന്റെ മറുപടി അതദ്ദേഹത്തെ തൃപ്തനാക്കിയില്ല.

"എന്റെ അടുത്ത് പഠിക്കാനാണു വന്നതെങ്കിൽ ഞാൻ പറയുന്നതൊക്കെ അനുസരിക്കണം.

ഇരുന്നോളു "ആജ്ഞയോടൊപ്പം ചിരി.

ഞാൻ വൈമനസ്യത്തോടെ ഇരുന്നു.

"ബാലൻ എന്റെ ആത്മസുഹൃത്ത് ആയിരുന്നു. ഞങ്ങൾ ഒന്നിച്ചാണ് പത്മനാഭയ്യർ സാറിന്റെയടുത്ത് സംഗീതം പഠിച്ചത്. ഞാൻ അക്കാദമിയിൽ ചേർന്നു. പക്ഷെ ബാലൻ പുറത്തു തന്നെ പഠിച്ചാൽ മതീന്നു തീരുമാനിച്ചു. ആട്ടെ എത്രടം വരെ പഠിച്ചു?"

"വർണ്ണം, കീർത്തനം" ഞാൻ വിക്കി വിക്കിയാണ് പറഞ്ഞത്.

CHRISTIAN MUSICOLOGICAL SOCIETY OF INDIA

"ഓഹോ! കീർത്തനം പാടാൻ തുടങ്ങിയോ? ആട്ടെ ഒരു വർണ്ണം പാടൂ. ഇങ്ങകത്തുവാ."

അദ്ദേഹത്തോടൊപ്പം അകത്തു കടന്നു. അദ്ദേഹം തന്നെ വിരിച്ചു തന്ന പുൽപായയിൽ ഞാൻ ഇരുന്നു. ശ്രുതി മീറ്റർ ഹാർമോണിയം നീക്കി തന്നതും അദ്ദേഹം തന്നെ. ഞാൻ ശ്രുതി ക്രമപ്പെടുത്തുന്നത് കണ്ട് അദ്ദേഹം പുഞ്ചിരി തുടരുകയായിരുന്നു. മുക്കാൽക്കട്ട ശ്രുതി ഒഴുകി വീണപ്പോൾ ആ സന്ഗീത സാമ്രാട്ടിന്റെ മുൻപിലും കുതിർന്ന ചിറകു ഉണങ്ങി കിട്ടിയ പക്ഷികുഞ്ഞിന്റെ ഉണർവ്വ്! അല്പം പതറിയെങ്കിലും ദർബാർ രാഗത്തിന്റെ ശീലുകൾ തലോടി സമസ്ഥായി ഷഡ്ജത്തിൽ ശാരീരം തൊടുത്തപ്പോൾ തിരുമേനിക്ക് ആഹ്ലാദം.

"ഉം ദർബാറിലെ വർണ്ണം -- ചാളമേ--! പാടൂ"

പിന്നെ അമാന്തിച്ചില്ല. ശുദ്ധമായ വിളംബത്തിൽ വർണ്ണം രൂപപെട്ടപ്പോൾ എനിക്ക് തന്നെ അത്ഭുതം! അകവാതിക്കൽ അനന്താദരവുകൾ വിതുമ്പി നിൽക്കുന്ന മുഖവുമായി പാവാടക്കാരിയും അമ്മയും.

വിളംബരത്തിൽ നിന്ന് രണ്ടാം കാലത്തിലേയ്ക്ക് കടന്നപ്പോൾ തിരുമേനിയും കൂടെചേർന്നത് എന്നെ ആനന്ദലഹരിയിൽ മുക്കി.

ചരണം മുതൽ ഞങ്ങൾ ഒരുമിച്ചായി പാട്ട്. സ്വരങ്ങൾ നാലും പാടിതീർത്ത് വർണ്ണം അവസാനിപ്പിച്ചപ്പോൾ അദ്ദേഹത്തിന്റെ കണ്ണിൽ നീർമയം. "ബാലന്റെ പാട്ട് തന്നെ!: ആ ശാരീര ക്രമീകരണങ്ങൾ തന്നെ ! നന്നായിരിക്കുന്നു..നമ്മൾ തമ്മിൽ കണ്ടതായി അവിടെ ഭാവിക്കണ്ട. ധൈര്യമായി പാടിക്കോളൂ."

അത്രേം മതിയായിരുന്നു. ഞാൻ എണീറ്റു തൊഴുതിറങ്ങുമ്പോൾ തിരുമേനിയുടെ ചോദ്യം

"ബാബു വല്ലതും കഴിച്ചോ?"

"ഉവ്വ്"

"എങ്കിലും.. ഒരു ഗ്ലാസ് ചായ കഴിച്ചു പൊയ്ക്കോളൂ."

ചായ കൊണ്ടുതന്നതു പാവാടക്കാരിയല്ല. അവളുടെ അമ്മ! വിശേഷാൽ ഒന്നും ഭാവിക്കാത്ത ഒരു പാവം വീട്ടമ്മ! ബ്രാഹ്മണ സ്ത്രീയുടെ അസ്പർഷന്തലൊന്നും അവർ കാണിച്ചില്ല. ഗ്ലാസ് കൈയിൽ തന്നു കുടിച്ചു കഴിഞ്ഞു തിരികെ വാങ്ങി. അങ്ങനെയായിരുന്നു തിരുമേനി സാറുമായി എന്റെ പരിചയം ആരംഭിച്ചത്.

തിരഞ്ഞെടുപ്പ് വേളയിലോ തുടർന്നുള്ള അദ്ധ്യയന ഘട്ടങ്ങളിലോ അദ്ദേഹം സഹപാഠിയായ ബാലന്റെ ശിഷ്യനെന്ന പരിഗണനയൊന്നും എനിക്ക് തന്നില്ലെന്നു മാത്രമല്ല പലപ്പോഴും കഠിനമായ ഭത്സനങ്ങളും ഇമ്പോസിഷനുകളും തരികയും ചെയ്തു. അവസാന വർഷത്തെ ക്ലാസ്സുകളിൽ പ്രത്യേകിച്ചും.

ജീവിത ക്ലേശത്തിന്റെ സമ്മർദം എന്നെ രാത്രിയിൽ ഒരു പത്രസ്ഥാപനത്തിലെ പാക്കിങ് വിഭാഗത്തിലെ പണിക്കാരനാക്കിയ കാര്യം അദ്ദേഹം അറിഞ്ഞിരിക്കില്ല. വെളുപ്പിന് രണ്ടു മണി വരെ വിശ്രമം ഇല്ലാതെ പണിചെയ്താലേ ഒന്ന് തല ചായ്ക്കാൻ പറ്റൂ.വീണ്ടും അഞ്ചു മണിക്കുണർന്നു സാധകം ചെയ്യുക! അതപകടകരമാണെന്നു പ്രെസ്സിലെ സൂപ്പർവൈസർ തങ്കപ്പനണ്ണൻ ഓർമിപ്പിച്ചു. കൂടെ ഫലിതത്തിൽ പൊതിഞ്ഞ പരിഹാസവും

"ബാബു: പാട്ടു പഠിച്ചു ഭാഗവതരായിട്ട് എവിടെ പാടാൻ? പള്ളിയിൽ പാട്ടു വേണ്ട.. പാട്ടു വേണ്ടത് അമ്പലത്തിൽ.. അവിടെ ക്രിസ്ത്യാനിക്ക് പ്രവേശനമില്ല.. പിന്നെ..... പാടാം റെയിൽവേ സ്റ്റേഷനിലോ.. ബസ്സ്റ്റാന്റിലോ.. കച്ചമുണ്ട് വിരിച്ചിട്ട് അതിന്റെ പിന്നിൽ.."

കൂട്ടചിരിയാവും പിന്നെ. എങ്കിലും ആ പരിഹാസത്തിലും അദ്ദേഹം എന്റെ ദയനീയ സ്ഥിതി മനം നോവുന്നവനായിരുന്നു!! പലപ്പോഴും ആരോഗ്യം കാക്കേണ്ടതിനെ പറ്റി കർശനമായ താകീത് തന്നിരുന്നു തങ്കപ്പനണ്ണൻ. ആ ഉപദേശങ്ങൾക്കൊന്നും എന്റെ പരിശ്രമ പ്രക്രിയയെ സ്വാധീനിക്കാൻ കഴിഞ്ഞില്ലന്നിരുന്നിട്ടും തിരുമേനിയുടെ കണ്ണിൽ ഞാൻ തൃപ്തികരമായ അഭ്യാസം നേടാൻ കഴിവുള്ളവൻ ആയില്ല.

CHRISTIAN MUSICOLOGICAL SOCIETY OF INDIA

കല്യാണി രാഗത്തിലുള്ള ഖണ്ഡജാതി അടതാള വർണ്ണത്തിന്റെ സ്വരങ്ങൾ കാണാപ്പാഠമാക്കാൻ കഴിയാത്തതിന് ക്ലാസ്സിലെ എല്ലാ കുട്ടികളോടും അദ്ദേഹം കലമ്പി.

എന്നെ പ്രത്യേകം ശകാരിക്കുകയും പരിഹസിക്കുകയും ചെയ്തു.

"സംഗീതാഭ്യസനം മറ്റു വിദ്യകൾ പഠിക്കുന്നത് പോലെയല്ല അത് പാടി പതിയുകതന്നെ വേണം. സാധക സിദ്ധം സംഗീതം. അത് ബോധ്യമില്ലെന്നാണെങ്കിൽ വേറെ പണി നോക്കി പോകുക. അതാ വേണ്ടേ. അല്ല നിനക്ക് പത്രകെട്ടു വണ്ടിയിൽ കയറാനുള്ള പണിയാകും ഇഷ്ടം." അദ്ദേഹം എന്റെ മുഖത്തു നോക്കി തന്നെ പറഞ്ഞു. സത്യത്തിൽ ഭൂമി കുലുങ്ങി ഞാൻ അപ്രത്യക്ഷനാകണേ എന്ന് പ്രാർത്ഥിച്ചു പോയി. ഞാൻ അങ്ങിനെ ഒരു തൊഴിലിൽ ഉൾപ്പെട്ടു ജീവിക്കുകയാണെന്നു അദ്ദേഹം അറിഞ്ഞിരിക്കുന്നു! അതെന്റെ സതീർഥ്യരുടെ മുൻപിൽ വെളിവാക്കുകയും ചെയ്തിരിക്കുന്നു.

എന്തുകൊണ്ടോ എനിക്കത് സഹിക്കാവുന്നതിലും അധികമായിരുന്നു. ഞാൻ എങ്ങനെ ജീവിക്കുന്നുവെന്നു ഒരിക്കൽ പോലും അന്വേഷിക്കാത്ത ഗുരുവിന്റെ സതീർത്യനെന്ന പരിചയപ്പെടുത്തിയ പ്രിൻസിപ്പാൾ തിരുമേനി, സംഗീതപഠനം പൂർത്തീകരിക്കുവാനുള്ള തത്രപ്പാടിൽ രാത്രികാല വിശ്രമം ഉപേക്ഷിച്ചു കഷ്ടപ്പെടുന്ന ഒരുവനെന്ന പരിഗണന നല്കിയില്ലെന്നതോ പോകട്ടെ പരസ്യമായ പരിഹാസവും! അതൊരു വഴിത്തിരിവിന് കാരണമായി.

കോളേജിൽ നിന്നിറങ്ങിയാൽ കൂട്ടുകാരോടൊപ്പം പട്ടണത്തിൽ ചുറ്റുകയെന്ന പരുപാടി അവസാനിപ്പിച്ചു. നേരെ പ്രെസ്സിൽ തങ്കപ്പനാണ്ണന്റെ റൂമിൽ എത്തുക, അദ്ദേഹത്തോടൊപ്പം ചായ ഉണ്ടാക്കി കഴിക്കുക, പാടുക. കല്യാണി അടതാള വർണ്ണമല്ല എന്ത്തന്നെയായാലും മനഃപാഠമാകുവോളം പാടുക! അസാമാന്യ സംഗീത കൗതുകം കൈമുതലാക്കിയ അണ്ണന്റെ ആശീർവാദം പ്രജോദനമായി.

അടുത്ത ആഴ്ചയിൽ തിരുമേനി ക്ലാസ്സിൽ വരുമ്പോൾ പലരും തട്ടിമുട്ടി വരുന്നതിന്റെ സപ്തസ്വരങ്ങൾ പാടിക്കേൾപ്പിച്ചു. മധ്യസ്ഥായി ഗാന്ധരത്തിൽനിന്ന് കുത്തനെ മേൽസ്ഥായി ഗാന്ധരത്തിലേക്കും അവിടെ നിന്ന് മധ്യസ്ഥായി മാധ്യമങ്ങളിലേയ്ക്കും മറ്റുമുള്ള സ്വരങ്ങളുടെ ചാട്ടുളി പ്രയോഗം അത്രപെട്ടെന്നൊന്നും സംഗീതാർത്ഥികൾക്ക് വഴങ്ങി കൊടുക്കില്ലെന്നറിയാവുന്ന തിരുമേനി ഒരു കാരുണ്യവും ലവലേശം പ്രകടിപ്പിക്കാതെ ആണ് ഓരോരുത്തരെയും സമീപിച്ചത്.

മനപ്പൂർവം പരുങ്ങൽ ഭാവിച്ചിരിക്കുന്ന എന്നെ കണ്ടപ്പോൾ ആ മുഖം അല്പം ഗൗരവം കൂടി അണിഞ്ഞതുപോലെ!

"ഉം.. കേൾക്കട്ടെ.. ബാബുവിന്റെ പാട്ട് "കല്പന!

ഞാനും ഒട്ടും കൂസിയില്ല.

തയ്യാറാക്കി വച്ചിരിക്കുന്നത് എടുത്തു തൊടുത്തു പല്ലവിയും അനുപല്ലവിയും ചിട്ടസ്വരവും പാടി രണ്ടാം കാലം തുടങ്ങിയപ്പോൾ തിരുമേനിയുടെ മുഖത്തെ ഗൗരവം മാഞ്ഞു. പുഞ്ചിരി രംഗ പ്രവേശം ചെയ്തു. ചരണത്തിലും പാതയിലും ഞാൻ തട്ടി വീഴുമോ എന്ന ആശങ്കയോടെ അദ്ദേഹം കാത്തുനിന്നു. ഒന്നും ഉണ്ടായില്ല. സ്വരങ്ങൾ ആദ്യം പാടി തീർന്ന് ചരണം ഏറ്റുപാടുമ്പോൾ അദ്ദേഹം ആഹ്ലാദം സഹിക്കവയ്യാതെ പറഞ്ഞു പോയി "ബലേഭേഷ് - അതാണ് ആ വർണ്ണത്തിന്റെ ആലാപനശൈലി..!"

ഒന്ന് നിർത്തിയിട്ടു അദ്ദേഹം മറ്റുള്ളവരോട് പറഞ്ഞു

"അവൻ ക്രിസ്ത്യാനി ആണെങ്കിലും പാട്ടു പഠിക്കാൻ തന്നെ വന്നവനാ.. നിങ്ങൾ അവന്റെ പാട്ടു കേട്ട് പഠിക്ക്"

CHRISTIAN MUSICOLOGICAL SOCIETY of INDIA

ആ വാക്കുകൾ എനിക്ക് സതീർഥ്യരുടെ ശത്രുതയും സഹവാസവും വേണ്ടുവോളം സമ്പാദിച്ചുതന്നു. ഭാവിയിലെ സംഗീത ചക്രവർത്തിയാകും എന്ന് സ്വയം ഭാവിച്ചിരുന്ന രാധാകൃഷ്ണൻ എന്ന ഭൈരവൻ തിരുമേനി പോയ്കഴിഞ്ഞപ്പോഴേ അത് പ്രകടിപ്പിച്ചു.

"ബാബു അതുകേട്ട് ആളാകേണ്ട നീ. എത്രപാടിയാലും വീട്ടിലിരുന്നു പാടത്തേയുള്ളു നീ. ഞങ്ങൾക്കൊക്കെ സ്റ്റേജ് കിട്ടും. നിനക്കു ഞങ്ങൾ പാടുന്ന സ്റ്റേജ് കാണാൻ പോലും ഒക്കില്ല."

പരിഹാസമായിരുന്നെങ്കിലും സത്യമാണെന്നറിയാവുന്നതുകൊണ്ടു ഞാൻ വിളറിയ ചിരിചിരിച്ചു. തൊഴിൽ സാധ്യതയ്ക്കു വേണ്ടി സംഗീത പഠനത്തിന് വന്ന രണ്ടു കന്യാസ്ത്രീകൾ സി. മറീന, സി. മലക്യാ എന്നിവർ മാത്രം എന്നെ സഹതാപപൂർവം നോക്കി.

വർഷാവസാന പരീക്ഷ അടുക്കുന്തോറും എന്നെ മാനസികമായി തളർത്താനുള്ള തന്ത്രങ്ങൾ സതീർഥ്യർ തുടങ്ങിക്കൊണ്ടേയിരുന്നു. ഒരുവൻ ക്ലാസ്സിലെ ഏറ്റവും പണക്കാരിയും സുന്ദരിയുമായ ഒരു തമ്പുരാട്ടിയുടെ പേര് വച്ച് ഒരു പ്രേമലേഖനം ഉണ്ടാക്കി പ്രെസ്സിലേക്കയച്ചു. ഈശ്വര സഹായത്തിനു അതു തങ്കപ്പനണ്ണന്റെ കൈവശമാണ് കിട്ടിയത്. ഞാൻ ചെന്നപാടെ അണ്ണൻ ചോദിച്ചു.

"ഭാഗവതരെ.. ഏതാടാ ഈ മാലിനി ഭാർഗവൻ? "

ആ ചോദ്യം അപ്രതീക്ഷിതമായിരുന്നു കൊണ്ട് ഞാൻ അണ്ണനെ മിഴിച്ചുനോക്കി. അദ്ദേഹം ഗൗരവം ഭാവിച്ചുകൊണ്ടു തന്നെ ചോദ്യം ആവർത്തിച്ചു.

"അതു ഞങ്ങളുടെ ക്ലാസ്സിൽ പഠിക്കുന്ന ഒരു തമ്പുരാട്ടി.. എന്ത്യേ?"

"ആ- ഒന്നുമില്ല. അവൾക്കു നിന്നോട് പ്രേമമാണെന്നു."

കാത്തു അണ്ണൻ എന്റെ നേർക്ക് നീട്ടി. കത്തിലെ അക്ഷരങ്ങൾ കണ്ടപ്പോഴേ എനിക്ക് കാര്യം പിടികിട്ടി. സത്യം നജാണ് അണ്ണന്റെ മുൻപിൽ തുറന്നടിച്ചു. അതദ്ദേഹം വിശ്വസിക്കുകയും ചെയ്തു. കാരണം ഞാൻ എങ്ങനെയുള്ളവനാണെന്നു എന്നേക്കാൾ കൂടുതൽ അണ്ണൻ അറിഞ്ഞിരുന്നു!

"അവനെ ഞാൻ അറിയും. അവനുള്ള മരുന്ന് ഞാൻ കൊടുത്തോളാം."

അണ്ണൻ മറുപടി പറഞ്ഞതിങ്ങനെയാണ്. രാധാകൃഷ്ണനോട് അണ്ണൻ എന്തുചെയ്യുന്നതും അതാപകടമാണെന്നു അറിയാമായിരുന്നതുകൊണ്ടു ഞാൻ അണ്ണന്റെ മുൻപിൽ കേണു.

"ഒന്നും വേണ്ടണ്ണ.. എങ്ങനെയും പരീക്ഷവരെ ഒതുങ്ങി പോകാം. പ്രശ്നമുണ്ടാക്കിയാൽ അവൻ ശല്യക്കാരനാകും."

എന്റെ അഭ്യർത്ഥന അണ്ണൻ കൈക്കൊള്ളുക തന്നെ ചെയ്തു. പക്ഷെ പ്രശ്നം അവിടെയും നിന്നില്ല. എന്റെ പേരുവച്ചു പ്രേമലേഖനം ഒന്ന് മാലിനി ഭാർഗ്ഗവനും കിട്ടി. അവൾ എന്റെ നേരെ രൂക്ഷമായി ഒന്ന് നോക്കിയിട്ടു നേരെ പ്രിൻസിപ്പാളിന്റെ അടുത്തു പരാതിപ്പെട്ടു. രേഖ സമർപ്പിക്കുകയും ചെയ്തു.

തിരുമേനി എന്നെ വിളിപ്പിച്ചു. ഞാൻ പതറിയില്ലെന്നു മാത്രമല്ല, വസ്തുതകൾ ശക്തിയായി അദ്ദേഹത്തെ ബോധ്യപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തു. അദ്ദേഹം രാധാകൃഷ്ണന്റെ നോട്ടുബുക്കെടുപ്പിച്ചപ്പോൾ അയാൾ വിറയ്ക്കാൻ തുടങ്ങി. ഞാൻ ക്ലാസ്സിൽ മടങ്ങിയെത്തുമ്പോൾ അദ്ദേഹത്തിന്റെ മുന്നിൽ നിന്ന് എന്റെ സ്നേഹിതൻ പുളയുകയായിരുന്നു.

ഒരാഴ്ചത്തേക്ക് സസ്പെൻഷന് വാങ്ങിയ രാധാകൃഷ്ണൻ കവലച്ചട്ടമ്പികളെക്കൊണ്ടു എന്നെ ആക്രമിപ്പിക്കാനായി പിന്നീടുശ്രമം രാത്രികാലങ്ങളായാൽ പത്രക്കെട്ടുമായി ബസ്സ്റ്റാൻഡിൽ എത്തിയിരുന്ന എന്നെ അവർക്കു സ്നേഹമായിരുന്നു. അവരുടെ ആവശ്യപ്രകാരം പലപ്പോഴും പാടുകയും ഞാൻ ചെയ്തിരുന്നു. എന്നെ ഉപദ്രവിക്കുവാൻ പാരിതോഷികമായി അയാൾ കൊടുത്ത പുത്തൻമായാത്തനോട്ടുകൾ അവരെന്നെ കാണിച്ചു. അവരെന്നെ തല്ലില്ലെന്നു മാത്രമല്ല,

എന്റെ മേൽ ആക്രമണത്തിനാരുതിർന്നാലുംഅവരെ കൈകാര്യം ചെയ്യുന്ന കാര്യം അവർ ഏൽക്കുകയും ചെയ്തു.

തിയറി പരീക്ഷയും സംസ്കൃത പരീക്ഷയും എഴുതിയപ്പോൾ എന്തെന്നില്ലാത്ത ആഹ്ലാദമോ ആശ്വാസമോ അനുഭവപ്പെട്ടു. സംസ്കൃതത്തിന്റെ ഉത്തരക്കടലാസ് വാങ്ങി നോക്കിയിട്ട് പരമേശ്വര ശാസ്ത്രികൾ ഗൗരവം വിടാത്ത അദ്ദേഹത്തിന്റെ മുഖം എന്റെ നേരെ തിരിച്ചു. ഒന്നും വ്യക്തമാകാത്തമട്ടിൽ ഒന്നു മൂളി. എനിക്ക് അതിനു ഭവ്യതയിൽ പൊതിഞ്ഞ ചിരിയെ മറുപടിയായി ഉണ്ടായുള്ളൂ.

പുറത്തു വന്നപ്പോൾ പൂത്ത ചെമ്പകം പോലെ നിറഞ്ഞ ചിരിയുമായി നിൽക്കുന്നു മാലിനി ഭാർഗവൻ എന്ന തമ്പുരാട്ടി.

"ക്ഷമിക്കണം മഹാഭാഗോ" അവൾ ചിരിക്കു നിറം കൂട്ടി.

"എന്തിന്റെ പേരിൽ?"

കാര്യമറിയാമായിരുന്നെങ്കിലും ഞാൻ ചോദിച്ചു.

"അന്നത്തെ ലെറ്റർ..." അവൾ വ്യക്തമാക്കാൻ ശ്രമമായി.

"ഓ- അത്തരമൊന്നു നിങ്ങളുടെ പേരിൽ എനിക്കും കിട്ടി. ഞാൻ.. ആണത്തം കാണിച്ചു. അത്രേയുള്ളു."

എന്റെ മറുപടി മാലിനിയെ വിഷണ്ണയാക്കിയാതായി തോന്നി. അവൾ വാക്കുകൾക്കു വേണ്ടി പരത്തുന്നത് കണ്ടു ഞാൻ പറഞ്ഞു.

"എന്റെ പേരിൽ ഞാനറിയാതെയാണെങ്കിലും മാലിനിക്കുണ്ടായ ബുദ്ധിമുട്ടിനു ക്ഷമ ചോദിക്കുന്നു. നന്മ നേരുന്നു."

ഞാൻ ധൃതിയിൽ നടന്നു. അവൾ നിശ്ചലം നിൽക്കുകയായിരുന്നു.

രണ്ടാഴ്ചത്തെ തെയ്യാറെടുപ്പിനു ശേഷമാണ് പ്രാക്ടിക്കലിന് അക്കാദമിയിൽ എത്തിയത്. എന്റെ ബുദ്ധിമുട്ടുകൾ കണക്കിലെടുത്തു തങ്കപ്പനണ്ണൻ രാത്രി കാല ജോലിയിൽ നിന്ന് എന്നെ ഒഴിവാക്കിയിരുന്നു.

ഉറക്കം നിന്നാൽ ശാരീരം ശുദ്ധമാവില്ലത്രേ! "പരീക്ഷയിൽ ഉറങ്ങണം. ഫസ്റ്റ് റാങ്ക് വാങ്ങിയിട്ടേ തിരിച്ചെത്താവൂ." ആടായിരുന്നു അണ്ണന്റെ ആജ്ഞ.

റാങ്കില്ലെങ്കിലും ക്ലാസ് ഞാനും പ്രതീക്ഷിച്ചിരുന്നു. പരീക്ഷകൻ പുറത്തുനിന്നും വന്നയാളായിരുന്നു. എന്റെ ഊഴമായപ്പോൾ അയാൾ തീർത്തും ഗൗരവത്തിലായി. എന്താണു കാര്യമെന്ന് എനിക്കു മനസ്സിലായില്ല.

"കല്യാണി അടതാള വർണ്ണത്തിന്റെ അഞ്ചാമത് സ്വരം പാടൂ"

ഇടയ്ക്കുനിന്നു സ്വരം ചോദിച്ചാൽ പെട്ടന്ന് പാടാൻ ബുദ്ധിമുട്ടാകും എന്ന ധാരണയിലായിരുന്നു ആശാന്റെ ചോദ്യമെന്നു വ്യക്തം. മനപ്പൂർവ്വമായ അല്പം അങ്കലാപ്പ് പ്രകടിപ്പിച്ച ഞാൻ അഞ്ചാമത് സ്വരം ചാഞ്ചല്യം കൂടാതെ പാടികേട്ടപ്പോൾ പരീക്ഷകനു വാശി. വർണ്ണത്തിന്റെ ചരണത്തിനു മുൻപുള്ള സ്വരം രണ്ടാം കാലത്തിൽ പാടണമെന്നായി കല്പന. നിവർത്തിയില്ലല്ലോ പാടുകയല്ലാതെ. ഈശ്വരൻ എന്റെ നാവിലും ബുദ്ധിയിലും ഉണ്ടായിരുന്നു എന്ന് വ്യക്തം. അത് പ്രതീക്ഷിച്ചതിലും വ്യക്തമായി അവതരിച്ചപ്പോൾ അദ്ദേഹത്തിന്റെ ശൗര്യം അടങ്ങിയെന്ന മട്ടായി.

പിന്നീട് എനിക്കു കിട്ടിയ ആജ്ഞ മയമുള്ളതായിരുന്നു. ശബ്ദത്തിലും അവതരണത്തിലും.

" സാരമതി രാഗം മൂന്നു മിനിറ്റ് പാടി 'മോക്ഷമുഗലത' എന്നാരംഭിക്കുന്ന ത്യാഗരാജ കീർത്തനം പാടുക"

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ഒരുപക്ഷെ സതീർത്ഥ്യർക്കു പിടി കൊടുക്കാതെ ഞാൻ ഹൃദയത്തിൽ താലോലിച്ചു നാവിൽ രൂപപ്പെടുത്തി കണ്ഠത്തിൽ ഒളിപ്പിച്ചിരുന്ന എന്റെ പ്രിയ രാഗവും കൃതിയും. ഈ മനുഷ്യൻ എന്റെ മനസ്സ് വായിച്ചറിഞ്ഞിരിക്കുമോ? അത്ഭുതമായിരുന്നു ആനന്ദത്തേക്കാളധികം.

രാഗാലാപം കേട്ടപ്പോൾ തന്നെ ആ പരീക്ഷകന്റെ ശൗര്യമാകെ അപ്രത്യക്ഷമായി. കൃതി അവതരിപ്പിച്ചപ്പോഴാകട്ടെ ആഹ്ലാദം ആ മുഖത്തു ആധിപത്യമുറപ്പിക്കുകയും ചെയ്തു.

പരീക്ഷ കഴിഞ്ഞിറങ്ങുമ്പോൾ ഞാൻ മുഖത്തു കൃത്രിമമായി വരുത്തിയ വിഷാദഭാവം കണ്ടു രാധാകൃഷ്ണനും അദ്ദേഹത്തിന്റെ ഗോപികമാരും ആഹ്ലാദിക്കുന്നു കണ്ടതായി ബാവിക്കട്ടെ നടന്നു. അപ്പോൾ കേട്ട്,

"രാധാകൃഷ്ണൻ ആരാണെന്നു അവൻ അറിഞ്ഞിട്ടില്ല.. റാങ്ക് മേടിക്കാൻ നടക്കുന്നു! ത്രിഡി ക്ലാസ്സിൽ ജയിക്കാൻ അവനെന്റെ കാലു പിടിക്കണം. എക്സാമിനർ എന്റെ അച്ഛന്റെ ഇന്റിമേറ്റാ.."

അപ്പോഴാണ് പരീക്ഷകന്റെ ഗൗരവപ്രകടനത്തിന്റെ കാരണം എനിക്കു വ്യക്തമായത്.

പരീക്ഷ കഴിഞ്ഞെത്തിയ എന്നെ തങ്കപ്പണ്ണൻ സ്വീകരിച്ചത് നിറഞ്ഞ പുഞ്ചിരിയും ഒരു ഗ്ലാസ് പാൽപായസവുമായിട്ടായിരുന്നു. എന്റെ മുഖത്തു വിരിഞ്ഞ അത്ഭുത ഭാവം കണ്ടിട്ടാവും അദ്ദേഹം പറഞ്ഞു "തട്ടിക്കോടോ ഭാഗവതരെ, പരീക്ഷ കഴിഞ്ഞു ക്ഷീണിച്ചല്ലെ വരുന്നത്. ക്ഷീണം മാറാൻ പാൽപായസം അത്യുത്തമം. എന്നാണ് മഹാകവി മങ്ങാട്ട് മാധവൻ പാടിയിരിക്കുന്നത്" ചിരിച്ചു പോയി

ആ സ്വാദിഷ്ട ഭക്ഷണത്തിന്റെ സ്രോതസ്സ് ഏതാണെന്ന് ഒരു രൂപവും കിട്ടിയില്ല. പിന്നീടാണ് അണ്ണൻ പറഞ്ഞത് എന്റെ പരീക്ഷാ ഘട്ടത്തിലെ പ്രകടനം സശ്രദ്ധം വീക്ഷിച്ചിരുന്ന പ്രിൻസിപ്പാൾ തിരുമേനി സ്നേഹപൂർവ്വം കൊടുത്തയച്ചതാണത്രേ അത്. എനിക്കതു വിശ്വസിക്കാനായില്ല. പക്ഷെ പിന്നീട് വിശ്വസിക്കേണ്ടി വന്നു. തങ്കപ്പണ്ണൻ എല്ലാം വിശദീകരിച്ചു. തിരുമേനി പലപ്പോഴും അണ്ണനോട് എന്നെ കുറിച്ച് താല്പര്യപൂർവ്വം അന്വേഷിച്ചിരുന്നു. എന്റെ പ്രയത്നത്തെ പ്രശംസിച്ചിരുന്നു. ഞാൻ സംഗീതത്തിൽ ഒരു വാഗ്ദാനമായി വളരാൻ ഇടയുണ്ടെന്നു വരെ അദ്ദേഹം സൂചിപ്പിച്ചുവത്രേ. ഒടുവിൽ ഞാൻ തിരുമേനിയെ ചെന്ന് കാണണമെന്ന നിർദ്ദേശത്തോടെയാണ് അണ്ണൻ അവസാനിപ്പിച്ചത് സതീർത്ഥ്യന്റെ ശിഷ്യനായ എന്നോട് തീർത്തും നിസ്സംഗനായി പെരുമാറുന്ന ഒരു മനുഷ്യത്ത രഹിതനായി ഞാൻ തിരുമേനിയെ തെറ്റിദ്ധരിച്ചതിൽ സത്യമായും ലജ്ജിച്ചു. അദ്ദേഹത്തിന്റെ സ്ഥാനത്തുനിന്ന് മറ്റൊന്നും ചെയ്യാൻ ആവില്ലെന്ന കാര്യം ഞാൻ മറന്നു പോയി. അന്ന് ഗുരുവിന്റെ കത്തുമായി അഡ്മിഷൻ ദിനത്തിൽ ഭാഗ്യാന്വേഷിയായി വന്നതിനു ശേഷം ഒരിക്കൽ പോലും ആ പാടി ചവിട്ടാതെ നന്ദി ഹീനതയുടെ ഹൃദയഭാരവുമായിട്ടായിരുന്നു ഞാൻ തിരുമേനിയുടെ വീട്ടിൽ ഒരു ഞായറാഴ്ച രാവിലെ ഒരു പത്തു മണിയോടെ ചെന്ന് കയറിയത്. ചെല്ലുമ്പോൾ ആരുടെയോ സംഗീത കച്ചേരി റേഡിയോയിലൂടെ കേട്ട് കൊണ്ടിരിക്കുകയായിരുന്നു തിരുമേനി. വാതിക്കൽ കാൽ പെരുമാറ്റം കേട്ടാവണം അദ്ദേഹം തിരിഞ്ഞു നോക്കിയത്. മുഖത്തെ സമ്മിശ്ര ഭാവങ്ങളുമായി കൈകൂപ്പി നിന്ന എന്നെ കണ്ട് അദ്ദേഹം ആഹ്ലാദപൂർവ്വം പറഞ്ഞു "വരൂ വരൂ. ഞാൻ സന്താനത്തിന്റെ കച്ചേരി ശ്രദ്ധിച്ചിരിക്കുകയായിരുന്നു. താൻ കേട്ടിട്ടില്ലേ. മഹാരാജപുരം സന്താനത്തിന്റെ പാട്ട്?" തിരുമേനി മഹാരാജ പുരത്തിന്റെ പാട്ടിന്റെ മേന്മകൾ നിർത്താതെ പറഞ്ഞു കൊണ്ടിരുന്നു. ഞാൻ അദ്ദേഹം ചൂണ്ടി കാട്ടിയ കസേരയിൽ ഇരുപ്പുരയ്ക്കാത്ത മട്ടിൽ സ്ഥിതിചെയ്തെന്നു പറയുകയാണ് ശരി.

ആദ്യ ദിവസം കണ്ടപ്പോൾ തന്നെ പറയുന്നതനുസ്സരിച്ചു കൊള്ളണമെന്ന കല്പനയായിരുന്നു.

സംഗീതാശാസനാപ്രസംഗം ഒട്ടൊന്നു നിലച്ചപ്പോൾ ഞാൻ ഒരു ഔപചാരികത എന്ന മട്ടിൽ ചോദിച്ചു. "തിരുമേനി സർ തനിച്ചേ ഉള്ളോ?" മറ്റാരെയും കാണാത്തതു കൊണ്ട് കൂടിയായിരുന്നു എന്റെ ചോദ്യം

"ഇന്ന് ഞായറാഴ്ചയല്ലേ? വീട്ടുകാരിയും മകളും പള്ളിയിൽ പോയിരിക്കുന്നു. ബാബു ഇത്രനാളും ഈ പട്ടണത്തിൽ ജീവിച്ചിട്ടും അക്കാദമിയിൽ പഠിച്ചിട്ടും എന്നെ പറ്റിഒന്നും അറിഞ്ഞില്ലാന്നുണ്ടോ? "

ഞാൻ വിളറിയ മന്ദഹാസവുമായി ഇരുന്നുപോയി. സത്യത്തിൽ തിരുമേനിയുടെ കുടുംബത്തെ കുറിച്ച് കുട്ടികൾ പറഞ്ഞ പലതും ഞാൻ കേട്ടിരുന്നു. അതിലൊന്നും അത്ര താല്പര്യ പൂർവം ശ്രദ്ധ പിടിച്ചിരുന്നില്ല എന്നതാണ് വാസ്തവം. അത് കൊണ്ട് തന്നെ ഞാൻ പറഞ്ഞു "അതൊന്നും ഞാൻ അന്വേഷിച്ചിട്ടില്ല. കുട്ടികൾ പലതും പറയാറുണ്ടെങ്കിലും അഭ്യൂഹങ്ങൾ ആണെന്നായിരുന്നു എന്റെ വിശ്വാസം." അദ്ദേഹത്തിന്റെ മുഖത്തു ഒരു വികാരവും പ്രകടമായില്ലാ എന്നത് എന്നെ അത്ഭുതപെടുത്തുകയായിരുന്നു. ഒരു പുഞ്ചിരിയുമായി അദ്ദേഹം തന്റെ സ്നേഹമൂർത്തിയായ ജീവിത പങ്കാളിയെ സ്വീകരിച്ച കഥ പറഞ്ഞു.

മനയ്ക്കലെ കൃഷിപ്പണി മൂപ്പനായ ഔസേപ്പ് മാപ്പിളയുടെ മകൾ അന്നക്കുട്ടി. തന്റെ സംഗീത ഉപാസനയെ അകമഴിഞ്ഞ് ആദരിക്കാൻ തയ്യാറായ ആ ഹൃദയാവതിയെ ഒരു രാത്രിയിൽ വിളിച്ചു കൊണ്ട് വരികയായിരുന്നത്രെ.

വിവാഹശേഷവും അദ്ദേഹം അവരുടെ മതവികാരങ്ങളുടെ മേൽ നിയന്ത്രണമൊന്നും ഏർപ്പെടുത്തിയില്ലെന്നു മാത്രമല്ല ഇഷ്ടമുള്ളപ്പോഴെല്ലാം ദേവാലയ സന്ദർശനത്തിന് അനുമതി തരികയും ചെയ്തു അത്രേ.

എന്നിട്ടും ഇന്നോളം കുടുംബജീവിതത്തിൽ യാതൊരസ്വാരസ്യവും അനുഭവപ്പെട്ടിട്ടില്ലെന്നു കൂടി അദ്ദേഹം പറഞ്ഞു കഴിഞ്ഞപ്പോൾ ആ പാദങ്ങളിൽ വീണു ചുംബിക്കണമെന്നു എനിക്ക് തോന്നിപ്പോയി.

ഒടുവിൽ അദ്ദേഹം വികാര നിർഭരമായ ശബ്ദഭാവങ്ങളോടെ പറഞ്ഞു. "ഞാൻ ബാബുവിനോട് ഒരു അഭ്യർത്ഥന നടത്തുവാനാണ് പോകുന്നത്. കഴിയുമെങ്കിൽ നീയത് സ്വീകരിക്കണമെന്ന് കൂടി പറഞ്ഞോട്ടെ ". ഞാൻ ആകെ പരിഭ്രമിക്കുകയാണെന്നു തിരുമേനി കണ്ടു. അതുകൊണ്ടാവണം അദ്ദേഹം ശബ്ദ്ധ സ്ഥാനം താഴ്ത്തി പറഞ്ഞു. "ബാബു വിഷമിക്കാനല്ല ..... ഞാൻ നിർബന്ധിക്കുകയാണെന്നു തോന്നുകയും അരുത്."

"സർ ..... ഞാൻ എന്താണ് വേണ്ടതെന്നു പറയാം"

ശബ്ദിച്ചുകൊണ്ടിരുന്ന റേഡിയോ ഓഫ് ചെയ്തിട്ട് അദ്ദേഹം പറഞ്ഞു "ഞാൻ പറയുന്ന കാര്യം സ്വീകാര്യമായാലും ഇല്ലെങ്കിലും മറ്റാരും അറിയാൻ പാടില്ല. അത് എന്റെ അഭിമാനത്തിന്റെ കഴുത്തറുക്കലാവാം"

"ഇല്ല- സർ"

എന്റെ മുഖത്തു അൽപനേരം നോക്കിയിരുന്നിട്ടു അദ്ദേഹം പറഞ്ഞു.

"എന്റെ മകൾ .... അവളെ ബാബുവിനെ ഏല്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു... "

ഞാൻ ആകെ പരിഭ്രാന്തതയിലായെന്നു മാനദസ്സിലാക്കിയ അദ്ദേഹം വിശദീകരിച്ചു

"ബാബു വിഷമിക്കുകയൊന്നും വേണ്ട. തീവ്രമായ കാലാഭിനിവേശത്തിന്റെയും നിഷ്ഠൂരമായ മതാചാരങ്ങളുടെയും നടുവിൽ നിൽക്കുന്ന നിസ്സഹായനായ ഒരു പിതാവാണ് ഞാൻ. എന്റെ മകളെ ഞാനൊരു മതത്തിലും ചേർത്തിട്ടില്ല. അവളുടെ അമ്മയുടെ മത വികാരങ്ങൾ ആണ് അവളെ സ്വാധീനിച്ചതെന്നു എനിക്ക് മനസ്സിലായി. അതുകൊണ്ടു കൂടിയാണ് സ്വാശ്രയ ബോധം ഉള്ള ബാബുവിനെ ഞാൻ എന്റെ പുത്രീകാന്തനായി കാണാനാഗ്രഹിച്ചത്. ഇഷ്ടമില്ലെങ്കിൽ ഞാൻ നിർബന്ധിക്കില്ല."

അമൃതമഴ പെയ്യുകയാണെന്നു കേട്ടിട്ടേ ഉള്ളു. സത്യത്തിൽ അനുഭവിക്കുകയായിരുന്നു. എന്ത് വേണമെന്നറിയാതെ നിരാശനായിരുന്ന എന്നെ അദ്ദേഹം പുഞ്ചിരിച്ചു കൊണ്ട് നോക്കിയിരിക്കുകയായിരുന്നു.

"സർ.. ഞാൻ അതിന്.... "

CHRISTIAN MUSICOLOGICAL SOCIETY OF INDIA

"യോഗ്യനാണോ എന്നാവും ചോദിക്കുന്നത്..... അങ്ങനെയെങ്കിൽ ഞാനീ അഭ്യർത്ഥന ചെയ്യുമോ?"

അദ്ദേഹം തുടർന്ന് "ബാബുവിന്‌റെ സംഗീത ഉപാസന എന്‌റെ എല്ലാ പ്രതീക്ഷകളെയും കടത്തിവെട്ടുന്നതാണെന്നു ഞാൻ സമ്മതിക്കുന്നു. ഇനി ഒരു ജോലിവേണമെന്നുള്ളത് പ്രധാന കാര്യം. നമ്മുക്ക് ശ്രമിക്കാം. പക്ഷെ അതൊന്നും എന്‌റെ സമീപനത്തിൽ ഒരു നിബന്ധനമാകില്ല. ഇതപര്യന്തമുള്ള എന്‌റെ സംഗീത സപര്യയെയും പ്രതിഫലം ഇച്ഛിക്കാതെയായിരുന്നു.

എത്രയും വിശാലമായൊരു സമീപനം ഭാര്യാപിതാവിൽ നിന്ന് ഞാനെന്നല്ല ഒരാൾക്കും പ്രതീക്ഷിക്കാനാവുമായിരുന്നില്ല. എങ്കിലും എന്‌റെ മനസ്സിൽ അവശേഷിച്ചൊരു സംശയം എന്‌റെ നാവിൽ വന്നു നില്കുന്നത് മനസ്സിലാക്കിയതുപോലെ തിരുമേനി പറഞ്ഞു

"ബാബുവിന്‌റെ മനസ്സിൽ എപ്പോൾ നാമ്പിട്ടു നിൽക്കുന്ന സംശയം എനിക്കറിയാം. അച്ഛന്‌റെ തീരുമാനമല്ലല്ലോ പ്രധാനം. മകൾക്കെന്താണ് അഭിപ്രായം എന്നറിയേണ്ടേ എന്നാണ്. അത് ഞാനാദ്യമറിഞ്ഞിട്ടു തന്നെ"

സംഗതി ആഹ്ലാദ പ്രദമായ അനുഭവമാണെങ്കിലും എങ്ങനെയും അവർ അമ്മയും മകളും വന്നെത്തുന്നതിനു മുൻപ് സ്ഥലം വിടുകയാണ് വേണ്ടതെന്നു എന്റ്റെ മനസ്സിലിരുന്നു ആരോ മന്ത്രിക്കുന്നത് പോലെ. പക്ഷെ നടന്നില്ല. ഞാൻ യാത്ര ചോദിക്കാനൊരുങ്ങുമ്പോഴേയ്ക്ക് അവരെത്തികഴിഞ്ഞിരുന്നു. എല്ലാം ശുഭമായി എന്ന മട്ടിൽ നിറഞ്ഞ പുഞ്ചിരിയുമായി